# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

## 2016 - 17

### ഓഡിറ്റ് റിപ്പോർട്ട്

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail:dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കെ.എസ്.എ. കെ.കെ.ഡി പി7/2175/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

സിവിൽ സ്റ്റേഷൻ, കോഴിക്കോട് 673020

ഫോൺ. 0495-2371012

E-mail: ddlfakkd@yahoo.in

തീയ്യതി :20.11.2017

ജോയിന്റ് ഡയറക്ടർ,

കോഴിക്കോട്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് 2016 – 17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2016 – 17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ(ജനറൽ) കോഴിക്കോട്

3)കാര്യാലയ പകർപ്പ്

കെ.എസ്.എ. കെ.കെ.ഡി പി7/2175/2017 തീയതി: 20.11.2017.

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ

2016 - 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2016- 17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 04.11.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 07 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.പി.ഉണ്ണികൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 06.11.17 മുതൽ 11.11.2017 വരെ. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ.കരുണാകരൻ.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | : | ശ്രീ.ശ്യാംജിത്ത്.എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| | : | ശ്രീ.ഷിപിൻ പീറ്റർ.സി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | : | ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എ.സി.സതി. | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.ബെവിൻജോൺ വർഗ്ഗീസ് | 01.04.16 മുതൽ 26.06.16 വരെ |
| | ശ്രീ.സി.ജി.കമലാകാന്ത പൈ | 27.06.16 മുതൽ 31.03.17 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ | ഡോ.വിനോദ് കുമാർ.കെ.പി | 01.04.2016 മുതൽ 31.03.2017 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.അനീഷ് വി നായർ | 01.04.2016 മുതൽ 31.03.2017 വരെ |
| സി.ഡി.പി.ഒ | ശ്രീമതി.ദീപ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| അസി.എക്സി. എഞ്ചിനീയർ | ശ്രീ.എ.എം.മാധവൻ | 01.04.2016 മുതൽ 31.01.2017 വരെ |
| | ശ്രീ.ഗിരീഷ് ആർ.ഡി. (ഇൻചാർജ്ജ്) | 01.02.2017 മുതൽ 31.03.2017 വരെ |
| അസി.ഡയറക്ടർ അഗ്രിക്കൾച്ചർ | ശ്രീമതി.പുഷ്പ.എ | 01.04.2016 മുതൽ 31.03.2017 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി.ശ്രീകാന്തി.എൻ | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീ.ശിവദാസ്.കെ. | 01.08.2016 മുതൽ 31.03.2017 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീ.ഷിബിൻ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.വിനോദ് കുമാർ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതുഅവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |

| | | |
|---|---|---|
| ഭാഗം 2<br>വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 10 | വാർഷിക കണക്കിലെ അപാകതകൾ | 2-1 |
| 11 | വാടക ഈടാക്കുന്നില്ല. | 2-2 |
| 12 | അക്കൗണ്ടുകളുടെ പരിപാലനം- ഇടപാടുകൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച. | 2-3 |
| ഭാഗം 3<br>ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 13 | സബ് ഗ്രേഡ് നിർമ്മാണം - സോളിങ് പ്രവൃത്തി മാത്രമായി റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നു | 3-1 |
| 14 | സാംബവ കോളനി - വനിത വർക്ക് ഷെഡ് നിർമ്മാണം - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല | 3-2 |
| 15 | പാലേരി വനിത കോമൺ ഫെസിലിറ്റി സെന്റർ - ഭൂമി കൈമാറി ലഭിക്കാതെ കെട്ടിട നിർമ്മാണം നടത്തി | 3-3 |
| 16 | അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ -പ്രൊജക്ടുകൽ മുഖേന കൈമാറിയ തുകകൾ പൂർണമായും വിനിയോഗിച്ചില്ല. | 3-4 |
| 17 | പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ മിനി ഡയറി യൂണിറ്റ്-പ്രൊജക്ട് നടത്തിപ്പിൽ അപാകത | 3-5 |
| 18 | പാലിയേറ്റീവ് പരിചരണം -ബ്ലോക്ക് പഞ്ചായത്ത് പരിധിക്ക് പുറത്ത് പാലിയേറ്റീവ് പരിചരണത്തിന് തുക ചെലവഴിച്ചതും മറ്റ് അപാകതകളും | 3-6 |
| 19 | ബ്ലോക്ക് പഞ്ചായത്ത് വാഹനം ഉപയോഗിക്കുന്നതിലും പരിപാലിക്കുന്നതിലും അപാകത | 3-7 |
| 18 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അടവാക്കിയ മുഴുവൻ തുകക്കും രജിസ്റ്ററുകളും ഫോറങ്ങളും ലഭ്യമായില്ല | 3-8 |
| 19 | സർക്കാരിലേക്ക് തിരികെപ്പോയ സ്വരാജ് ട്രോഫി അവാർഡ് തുക തിരികെ ഈടാക്കാൻ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച. | 3-9 |
| 20 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് -ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 3-10 |

| | | |
|---|---|---|
| 21 | കമ്പ്യൂട്ടർ - സ്റ്റോർ പർച്ചേയസ് വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ഉയർന്ന നിരക്ക് നൽകി. | 3-11 |
| 22 | സർക്കാർ അനുമതി ലഭ്യമാക്കാതെ ഉയർന്ന പലിശ നിരക്കിൽ ഭവന പദ്ധതിക്ക് വായ്പയെടുത്തു. | 3-12 |
| 23 | വയറിംഗ് വിപുലീകരണ പ്രവൃത്തികൾ നടപ്പാക്കിയില്ല | 3-13 |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | അനുബന്ധം | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015 – 16 വർഷത്തെ ബജറ്റ് 04.03.2016 തിയതിയിലെ 241/15 - 16 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 04.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 09.11.2017 | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന് അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 38725424 |
| തൻവർഷ വരവ് | 87930384 |
| ആകെ (മുന്നിരിപ്പ് ഉൾപ്പെടെ) | 126655808 |
| തൻവർഷ ചെലവ് | 102632266 |
| നീക്കിയിരിപ്പ് | 24023542 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 29801435 | 29801435 | 25302700 | 4498735 | 84.9 |
| വികസനഫണ്ട് എസ്.സി.പി. | 0 | 11745504 | 11745504 | 8779989 | 2965515 | 74.75 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 255489 | 255489 | 255489 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4632693 | 4632693 | 2501364 | 2131329 | 54 |
| എം.ജി.എൻ.ആർ.ജി.എസ് | 4765 | 682045 | 686810 | 680179 | 6631 | 99 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | | (എണ്ണം) | | ശതമാനം |
| 69 | 51733133 | 48 | 36619192 | 6 | 15 | 69.5 |

## 1-7 തനത് വരുമാനം

ടെണ്ടർ ഫോറം വിൽപനയിലൂടെ 5090 രൂപയും പലിശയിനത്തിൽ 756920 രൂപയും വരവുണ്ട്.സ്ഥാപനത്തിന് മറ്റ് തനത് വരുമാന മാർഗ്ഗങ്ങളൊന്നുമില്ല. വാർഷിക കണക്കിലെ റസീറ്റ് & പേമെന്റ്സ് സ്റ്റേറ്റ്മെന്റിലെ RP-4 അനുബന്ധങ്ങളിൽ വരവുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് തെറ്റായ ഹെഡ്ഡുകളിൽ അക്കൗണ്ട് ചെയ്യുന്നത് കൊണ്ടാണെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.11.2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് 18941 രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.01.2017 മുതൽ 30.01.2017 | 23.01.2016 മുതൽ 31.12.2016 വരെ | 83/DPA1/ KKD/2016 18.03.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2010 | 2008-09 – 2009-10 | A(HO)III/111/ 12-45/ 10/11/122 തീ.5.6.2010 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സാംഖ്യാധിഷ്ഠിത വാർഷിക കണക്കുകളിലെ അപാകതകൾ

പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷികധനകാര്യ പത്രിക,അനുബന്ധ പത്രികകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചു. താഴെ പറയുന്ന അപാകതകൾ കാണുന്നു. അപാകതകൾ

പരിഹരിക്കേണ്ടതാണ്.

1) ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർചേസുകളുടെ മൂല്യം ,ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

2) ബജറ്റ് ഫങ്ഷൻ-ഫങ്ഷനറി-അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് പ്രകാരം അനുവദനീയമായ തുകകൾ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല . ആയതിനാൽ ബജറ്റ് പ്രകാരമുള്ള ചെലവ് പരിധികളെ നിയന്ത്രിക്കുന്നതിനോ നിരീക്ഷിക്കുന്നതിനോ സഹായമാകുന്ന തരത്തിലുള്ള റിപ്പോർട്ടുകൾ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമാകുന്നില്ല.

3) പദ്ധതി മുഖേനയല്ലാതെയുള്ള ആസ്തി സമാഹരിക്കലിന്റെ ചെലവ് മൂലധന ചെലവായി രേഖപ്പെടുത്തപ്പെടുകയോ ആസ്തി മൂല്യത്തിൽ പ്രതിഫലിക്കപ്പെടുകയോ ചെയ്യപ്പെടുന്നില്ല.

ഉദാ : താലൂക്ക് ആശുപത്രിയിലേക്ക് 19800 രൂപ ജനറൽ പർപസ് ഫണ്ടുപയോഗിച്ച് വാങ്ങിയ പമ്പ്സെറ്റ് സംബന്ധിച്ച ചെലവ് സാംഖ്യയിൽ 220100299 Other Items എന്ന ഹെഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

4) സാംഖ്യാധിഷ്ഠിത സമ്പ്രദായത്തിലേക്ക് മാറുന്ന തീയ്യതി വരെയുള്ള സ്ഥാപനത്തിന്റെ മുഴുവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും ആസ്തിയുടെയും ബാദ്ധ്യതകളുടെയും മൂല്യം ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കപ്പെടുന്നില്ല.

5) ആസ്തികൾക്ക് തേയ്മാനമൂല്യം രേഖപ്പെടുത്തിയതായി കാണുന്നില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 08.08.2017 ലെ 212/2012 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ച് ആസ്തിമൂല്യം പുനർ നിർണ്ണയിക്കേണ്ടതാണ്.

6) ബാലൻസ് ഷീറ്റിലെ ബി-9 പട്ടികയിൽ മറ്റ് ബാദ്ധ്യതകൾ എന്ന ഇനത്തിൽ സ്ഥാപനത്തിന് 6461871 രൂപ ബാദ്ധ്യതയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ തുകക്കുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

7) 2016-17 വർഷത്തിൽ ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

8) സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ ബിൽ പ്രകാരം ഈടാക്കിയ വാറ്റ് , നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായനികുതി എന്നിവ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
9) വരവ് ചെലവുകൾ രേഖപ്പെടുത്തുമ്പോൾ കൃത്യമായ ഹെഡ്ഡുകൾ തെരഞ്ഞെടുക്കുന്നതിൽ വീഴ്ച വരുത്തുന്നു. ഉദാ- ഉദാ-RP-4 Fees&User Charges എന്ന അനുബന്ധത്തിലാണ് ഐ.എ.വൈ ഗുണഭോക്താക്കൾ തിരിച്ചടക്കുന്ന തുക അക്കൗണ്ട് ചെയ്തിരിക്കുന്നത്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് 09.11.2017 തീയതിയിൽ നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം 6 ൽ പരാമർശിച്ച 6461871 രൂപ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ട തുകയാണെന്നറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മറ്റ് അപാകതകൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 <u>വാടക ഈടാക്കുന്നില്ല.</u>

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന് സമീപത്തായി ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഒരു ക്വാർട്ടേഴ്സും സുഭിക്ഷ ഔട്ട്ലെറ്റും സ്ഥിതി ചെയ്യുന്നുണ്ട്. 2016-17 വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിൽ ബ്ലോക്ക്പഞ്ചായത്തിന് വാടകയിനത്തിൽ വരവൊന്നും ലഭിച്ചിട്ടില്ലെന്ന് കാണുന്നു.

മേൽ കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കാത്തതിന്റെ കാരണം വിശദീകരിക്കണമെന്നാവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം-11, തീയതി-09.11.2017 ) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളിൽ നിന്നും വാടക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

## 2-3 അക്കൗണ്ടുകളുടെ പരിപാലനം- ഇടപാടുകൾ രേഖപ്പെടുത്തുന്നതിൽ വീഴ്ച.

2011-ലെ കേരള പഞ്ചായത്ത് രാജ് ( അക്കൗണ്ട്സ് ) ചട്ടങ്ങൾ, ചട്ടം 57 പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പൊരുത്തപ്പെടുത്തുന്നതിൽ അക്കൗണ്ടന്റ്, സെക്രട്ടറി എന്നിവരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള കർത്തവ്യങ്ങൾ സമയ ബന്ധിതമായി നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. എല്ലാ അക്കൗണ്ടുകളും പൊരുത്തപ്പെടുത്തൽ വരുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല. സാംഖ്യ ബാങ്ക് ബുക്കിനെ/കാഷ് ബുക്കിനെ ആധാരമാക്കി പൊരുത്തപ്പെടുത്തലുകൾ വരുത്തുന്നതിന് പകരം ചെക്ക് ഇഷ്യൂ രജിസ്റ്ററിനെ ആധാരമാക്കിയാണ് മാസാന്ത്യ പൊരുത്തപ്പെടുത്തൽ വരുത്തുന്നത്.

പഞ്ചായത്തിന്റെ 10671884106 നമ്പറായുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ നിന്നും 21.06.2017 ,09.08.2017, 30.08.2017 തീയതികളിലായി ആകെ 18000 രൂപ പിൻവലിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ചെലവ് വിവരങ്ങൾ പരിശോധനാ തീയതി വരെ സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല.

31.03.2017 തീയതിയിലെ 21600684 നമ്പർ വൗച്ചർ പ്രകാരം സാംഖ്യയിൽ ഐ.എ.വൈ ഗുണഭോക്താക്കൾക്ക് തുക നൽകിയ ഇനത്തിൽ 33600 രൂപ സാംഖ്യയിൽ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം ചെലവ് തുക 336000 ആണ്. സാംഖ്യയിൽ ചെലവ് തുക തെറ്റായി രേഖപ്പെടുത്തിയത് ക്രമീകരിക്കപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 09.11.2017 ന് നൽകിയ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ 10671884106 നമ്പറായുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അക്കൗണ്ടിൽ നിന്നും 21.06.2017, 09.08.2017, 30.08.2017 തീയതികളിലായി ചെലവഴിച്ച 18000 രൂപയുടെ പേമെന്റ് 10.11.2017 തീയതിയിൽ സാംഖ്യയിൽ രേഖപ്പെടുത്തിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നിരുന്നാലും ചെലവുകൾ നടത്തിയതിന് ശേഷം ആയത് സാംഖ്യയിൽ രേഖപ്പെടുത്തുന്ന രീതി ശരിയല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്. മറ്റ് അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബ് ഗ്രേഡ് നിർമ്മാണം - സോളിങ് പ്രവൃത്തി മാത്രമായി റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നു

2016 – 17 വർഷത്തിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ചില കേസുകളിൽ റോഡുകളുടെ സബ് ഗ്രേഡ് / സോളിങ് പ്രവൃത്തികൾ മാത്രമായി നടപ്പാക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. ഉദാഹരണങ്ങൾ താഴെചേർക്കുന്നു.

1.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭാസ്കര മുക്ക് - കൊണ്ടോട്ടുകൊല്ലി റോഡ് (ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് ) |

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ.008 /17 |
| വകയിരുത്തിയ തുക | 474876 രൂ |
| ചെലവഴിച്ച തുക | 474876 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ഭരണാനുമതി | 316 / 2016 -17 തിയ്യതി 07.07.16 |
| അംഗീകാരം നല്കിയത് | ശ്രീ.മുഹമ്മദ് അഷ്റഫ് , 22.08.16 ലെ EE/PER/8/16-17 പ്രകാരം |
| എം.ബുക്ക് നമ്പർ | എം.ബി 100 / 16-17 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 474876 രൂ |
| കിഴിവുകൾക്ക ശേഷം കരാറുകാരന് നല്കിയ തുക | 446383 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 4/10.03.2017 , 474876 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ഗിരീഷ്.ആർ.ഡി, അസി.എക്സി.എഞ്ചിനീയർ എൽ.എസ്.ജി.ഡി ഡിവിഷൻ , പേരാമ്പ്ര. |

പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 80 മീറ്റർ നീളത്തിൽ കരിങ്കൽ കെട്ടുണ്ടാക്കി കോൺക്രീറ്റ് ബെൽറ്റ് നല്കൽ , 40 മീറ്റർ നീളത്തിൽ ക്വാറിമക്ക് നല്കി മണ്ണിന്റെ bearing capacity വർദ്ധിപ്പിക്കൽ , 122 മീറ്റർ നീളത്തിൽ സബ് ഗ്രേഡ് ഉണ്ടാക്കി സോളിങ് നല്കൽ എന്നീ പ്രവൃത്തികളാണ് ഇവിടെ ചെയ്തത്. എന്നാൽ ഈ 122 മീറ്ററിൽ മെറ്റലിങ് / ടാറിങ് നടത്തി പ്രവൃത്തി പൂർത്തീകരിക്കുന്ന രീതിയൽ പ്രോജക്ട് വിഭാവനം ചെയ്തിട്ടില്ല. പൂർത്തീകരിച്ച സബ് ഗ്രേഡ് നിർമ്മാണം/ സോളിങ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ നമ്പർ | ഇനം | പൂർത്തീകരിച്ച അളവ് | നിരക്ക് രൂ/ എം3 | തുക (രൂ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 1. | സബ് ഗ്രേഡ് നിർമ്മാണം | 298.199 എം3 | 373.33 | 111326.63 |
| 2. | WBM സബ് ബേസ് നിർമ്മാണം | 27.18 എം3 | 2695.56 | 73265.32 |

ആകെ : 184592 രൂ

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 013 /17 |
| പ്രോജക്ട് | ആയോളിത്താഴ – കല്ലുള്ളകണ്ടി മുക്ക് റോഡ് ( ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് ) |
| വകയിരുത്തിയ തുക | 579346 രൂ |
| ചെലവഴിച്ച തുക | 579346 രൂ |
| ഫണ്ട് | വികസനഫണ്ട് |
| ഭരണാനുമതി | 316 / 2016 -17 തിയ്യതി 07.07.2016 |
| അംഗീകാരം നല്കിയത് | ശ്രീ.മുഹമ്മദ് അഷ്റഫ്.എ , EE/PER/13/16-17 22.08.16 പ്രകാരം. |
| എം.ബുക്ക് നമ്പർ | 256 / 15 -16 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 579346 രൂ |
| കിഴിവുകൾക്ക് ശേഷം കരാറുകാരന് നല്കിയ തുക | 544586 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 13/25.03.17 , 579346 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ഗിരീഷ്. ആർ.ഡി , |

| | |
|---|---|
| | അസി.എക്സി.എഞ്ചിനീയർ |

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള കൽവർട്ടിന്റെ വീതി കൂട്ടൽ , സൈഡ് പ്രൊട്ടക്ഷൻ (DR masonry ), മണ്ണിന്റെ bearing capacity വർദ്ധിപ്പിക്കൽ , GSB ക്ക് മുകളിൽ 1:2:4 കോൺക്രീറ്റ് നിർമ്മാണം , Ch 0/445 മുതൽ 0/565 വരെ 125 മീറ്റർ നീളത്തിൽ എന്നീ പ്രവൃത്തികളാണ് ഇവിടെ ഉൾക്കൊള്ളിച്ചത്. ഇവിടേയും സോളിങ് ചെയ്ത ഭാഗം മെറ്റലിങ് , ടാറിങ് നടത്തി റോഡ് നിർമ്മാണം പൂർത്തീകരിക്കുന്ന രീതിയിലല്ല പ്രോജക്റ്റ് വിഭാവനം ചെയ്തത്.

പൂർത്തീകരിച്ച സബ് ഗ്രേഡ് നിർമ്മാണം , സോളിങ് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | പൂർത്തീകരിച്ച അളവ് (എം3) | നിരക്ക് ( രൂ / എം3) | രൂ |
|---|---|---|---|---|
| 1. | സബ് ഗ്രേഡ് , ഷോൾഡർ നിർമ്മാണം | 98.55 | 400 | 39420 |
| 2. | WBM സബ് ബേസ് നിർമ്മാണം | 30.65 | 3200 | 98080 |

ആകെ 137500 രൂ

അപൂർണമായ രീതിയിൽ റോഡ് നിർമ്മാണം നടത്തിയത് ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 സാംബവ കോളനി - വനിത വർക്ക് ഷെഡ് നിർമ്മാണം - കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയില്ല

2016 -17 വർഷത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്റ്റ് , കരാർ പ്രകാരമുള്ള കാലാവധിയിൽ നിന്നും വൈകിയാണ് പൂർത്തീകരിച്ചതെങ്കിലും കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ. 017 /17 |
| പ്രോജക്റ്റിന്റെ പേര് | സാംബവ കോളനി - വനിത വർക്ക് ഷെഡ് നിർമ്മാണം (പേരാമ്പ്ര ഗ്രാമപഞ്ചായത്ത് ) |
| വകയിരുത്തിയ തുക | 294692 രൂ |
| ചെലവഴിച്ച തുക | 175102 രൂ |
| ഫണ്ട് | വികസനഫണ്ട് - എസ്.സി.പി |
| ഭരണാനുമതി | 261 / 16-17 , 27.04.2016 |
| അംഗീകാരം നല്കിയത് | ശ്രീ.മുഹമ്മദ് അഷ്റഫ് .എ , അസി.എക്സി.എഞ്ചിനീയർ. 22.08.2016 ലെ EE/PER/17/16-17 ഉത്തരവ് പ്രകാരം. |

| | |
|---|---|
| | |
| എം.ബുക്ക് നമ്പർ | 17/15-16 |
| പൂർത്തീകരിച്ച പ്രവൃത്തി മൂല്യം | 380410 രൂ |
| തൻവർഷത്തെ ആകെ ചെലവ് | 175102 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 10 / 21.03.2017 , 175102 രൂ |
| കിഴിവുകൾക്ക് ശേഷം കരാറുകാരന് നല്കിയ തുക | 164596 രൂ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീ.ഗിരീഷ് ആർ.ഡി , അസി.എക്സി.എഞ്ചിനീയർ |
| കരാറുകാരന്റെ പേര് | ഹരിദാസ്.പി , PWD കോൺട്രാക്ടർ,<br>പൂവാറേമ്മൽ , കുത്താളി (പി.ഒ), 673525 |
| കരാറുകാരനുമായി ഒപ്പിട്ട കരാർ നമ്പർ | AEE / PB / 2014 -15 തിയ്യതി 06.01.2015 |
| കരാർ പ്രകാരം പ്രവൃത്തി ആരംഭിക്കേണ്ട തിയ്യതി | സൈറ്റ് കൈമാറിയതിന് ശേഷം |
| സൈറ്റ് കൈമാറിയ തിയ്യതി | 16.01.2015 |
| കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട തിയ്യതി | 15.09.2015 |
| യഥാർത്ഥത്തിൽ പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി | 21.11.2016 |

കരാർ പ്രകാരമുള്ള കാലാവധിക്ക് അനുസൃതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ 1.8.2015 ലെ എ.ഇ.ഇ / പിബി/ എൽ.എസ്.ജി.ഡി/15-16 നമ്പർ കത്ത് പ്രകാരം അസി.എക്സി.എഞ്ചിനീയർ കരാറുകാരനോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ട്.

എന്നാൽ പിന്നീട് കരാറുകാരൻ, പ്രദീപൻ , S/o ഗോപാലൻ നായർ, കൊളപ്പുറത്ത്, മേഞ്ഞാണ്യം, പാണ്ടിക്കോട് ദേശം, കൊയിലാണ്ടി താലൂക്ക് എന്നയാൾക്ക് Power of Attorney നല്കി. ( Accepted and Registered as PA no 1/2015-16 dated 29.02.2016 ) . തുടർന്ന് 14.03.2017 തിയ്യതിയോടെ പ്രദീപൻ കെ.പി എന്നയാൾ നല്കിയ കത്ത് പ്രകാരം തനിക്ക് അസുഖമായതിനാലാണ് കരാർ കാലാവധിക്കകം പ്രവൃത്തി

പൂർത്തീകരീക്കാഞ്ഞതെന്ന് അറിയിച്ചിട്ടുണ്ട്. ഇതേത്തുടർന്ന് പുറത്തെഴുത്ത് നമ്പർ AEE/LSGD/Proj/2016 – 17 തിയ്യതി 16.03.2017 പ്രകാരം കരാർ അനുസരിച്ച് 45000 രൂ പിഴ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ , ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ 13.03.2017 ലെ 446(2) / 16-17 നമ്പർ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം പ്രദീപൻ എന്നയാളിൽ നിന്ന് പിഴ ഈടാക്കേണ്ടതില്ല എന്ന് തീരുമാനിച്ചു. തീരുമാനത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഉപദേശം രേഖപ്പെടുത്തിയിട്ടില്ല.

ഫയൽ പരിശോധിച്ച ശേഷം താഴെപ്പറയുന്ന ഓഡിറ്റ് കണ്ടെത്തലുകൾ അറിയിക്കുന്നു.

പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ഹരിദാസ് എന്നയാളാണ്. കരാർ പ്രകാരമുള്ള കാലാവധിക്കകം പ്രവൃത്തി പൂർത്തീകരിക്കേണ്ട ബാധ്യത കരാറുകാരനാണ്. അല്ലാതെ Power of Attorney ലഭിച്ചയാൾക്കല്ല. Power of Attorney ലഭിച്ചയാൾക്ക് കരാർ ഏറ്റെടുത്ത ആൾക്കുവേണ്ടി രേഖകളും മറ്റും ഒപ്പിടുവാനുള്ള അധികാരം മാത്രമേ ഉള്ളൂ. ഇക്കാര്യം ബന്ധപ്പെട്ട മുദ്രപത്രത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ഒരു പ്രോജക്ട് നടപ്പാക്കുന്നതിൽ 14 മാസത്തിലധികം വീഴ്ച വരുത്തിയ കരാറുകാരനിൽ നിന്നും കരാർ പ്രകാരമുള്ള പിഴ ഈടാക്കാതിരുന്നത് വിശദീകരിക്കേണ്ടതാണ്. പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-3 പാലേരി വനിത കോമൺ ഫെസിലിറ്റി സെൻ്റർ - ഭൂമി കൈമാറി ലഭിക്കാതെ കെട്ടിട നിർമ്മാണം നടത്തി

2016–17 വർഷത്തിൽ അസി.എക്സി.എഞ്ചിനിയർ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ നടപ്പാക്കിയ താഴെപ്പറയുന്ന പ്രോജക്ടിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ. 045 / 17 |
| പ്രോജക്ടിന്റെ പേര് | പാലേരി വനിത കോമൺഫെസിലിറ്റി സെൻ്റർ |
| തൻവർഷം വകയിരുത്തിയ തുക | 838499 രൂ |
| തൻവർഷം ചെലവഴിച്ചതുക | 651648 രൂ |
| ഫണ്ട് | വികസന ഫണ്ട് - പൊതുവിഭാഗം |
| ഭരണാനുമതി | 295 / 16-17 തിയ്യതി 18.06.16 |
| എം.ബുക്ക് നമ്പർ | 13 / 13 -14 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തി മൂല്യം | 1282195 രൂ |
| തൻവർഷത്തെ ചെലവ് | 651648 രൂ |
| കിഴിവുകൾക്ക് ശേഷം തൻവർഷം കരാറുകാരന് നല്കിയ തുക | 612550 രൂ |
| ട്രഷറി ബിൽ നമ്പർ , തിയ്യതി , തുക | 6/16-17 , 21.03.2017 , 651648 രൂ |

ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ ഭൂമിയിലാണ് കെട്ടിട നിർമ്മാണം. പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ ഭൂമി കൈമാറി ലഭിച്ചിട്ടില്ല. ഇക്കാര്യം കഴിഞ്ഞ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ടെങ്കിലും അപാകത പരിഹരിച്ചിട്ടില്ല.

2. പൂർത്തിയായ കെട്ടിടം ഓഡിറ്റ് ടീം പരിശോധിച്ചു. കെട്ടിടം ഉപയോഗിക്കുവാൻ തുടങ്ങിയിട്ടില്ല. വയറിങ് പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കെട്ടിടത്തിൽ ഫർണിച്ചർ ഒന്നും ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ ചുറ്റുമതിൽ പുറക് വശത്തേക്ക് പൂർണമാക്കിയിട്ടില്ല. എന്തൊക്കെ പ്രവർത്തനങ്ങളാണ് കെട്ടിടത്തിൽ ഉദ്ദേശിക്കുന്നതെന്നും വ്യക്തമല്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്. 651648 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-4 അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ -പ്രൊജക്ടുകൽ മുഖേന കൈമാറിയ തുകകൾ പൂർണമായും വിനിയോഗിച്ചില്ല.

അസി.ഡയറക്ടർ ഓഫ് അഗ്രികൾച്ചർ നിർവഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രൊജക്ടുകൾ പ്രകാരം 13ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ആയതിന്റ വിശദവിവരം താഴെക്കൊടുക്കുന്നു.

| പ്രൊജക്ട നമ്പർ | പ്രൊജക്ടിന്റെ പേര് | വകയിരുത്തിയ തുക | ചെലവു വിവരം |
|---|---|---|---|
| 33/17 | പച്ചക്കറി കൃഷിക്ക് വിഹിതം കൈമാറൽ | 700000 | ബിൽ നം.2/16-17 തി17.3.17 300000<br>ബിൽ നം.3/16-17 തി20.3.17 400000 |
| 23/17 | കിഴങ്ങ് വർഗ വിളകൾക്ക് വിഹതം കൈമാറൽ | 600000 | ബിൽ നം.2/16-17 തി17.3.17 300000<br>ബിൽ നമ്പർ 4/16-17 23.3.17 300000 |

പേരാമ്പ്ര, കായണ്ണ, ചങ്ങരോത്ത്, ചെറുവണ്ണൂർ, നൊച്ചാട്, കൂത്താളി, ചക്കിട്ടപാറ എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ഓരോ പ്രൊജക്ടുകൾ പ്രകാരം ഒരോലക്ഷം രൂപ വീതമാണ് കൈമാറിയിരിക്കുന്നത്. (ചങ്ങരോത്ത് പഞ്ചായത്തിന് 23/17 പ്രകാരം തുക കൈമാറിയിട്ടില്ല). വിഹിതം കൈപറ്റിയ ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയതിൽ താഴെക്കൊടുക്കുന്ന ഗ്രാമപഞ്ചായത്തുകൾ കൈപറ്റിയ തുക വിനിയോഗിച്ചിട്ടില്ലെന്ന് സാക്ഷ്യപത്രം നൽകിയിരിക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റ പേര് | വിനിയോഗിക്കാനവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|
| കൂത്താളി | 200000 | വിഹിതം കൈമാറി കിട്ടിയ രണ്ട് പ്രോജക്ടുകൾ പ്രകാരവും തുക വിനിയോഗിച്ചില്ല. |

| | | |
|---|---|---|
| | | |
| ചങ്ങരോത്ത് | 100000 | പച്ചക്കറി കൃഷിക്ക് ലഭ്യമായ തുക വിനിയോഗിക്കാനവശേഷിക്കുന്നു |
| ചക്കിട്ടപാറ | 100000 | കിഴങ്ങ വർഗ കൃഷിക്ക് ലഭ്യമായ തുക വിനിയോഗിക്കാനവശേഷിക്കുന്നു |
| ആകെ | 400000 | |

വിനിയോഗിക്കാനവശേഷിക്കുന്ന തുകകൾ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തിരികെ ഈടാക്കി ട്രഷറിയിൽ തിരികെ അടവാക്കേണ്ടതാണ്. വിനിയോഗിക്കാനവശേഷിക്കുന്ന 400000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-5 പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിൽ മിനി ഡയറി യൂണിറ്റ്-പ്രൊജക്ട് നടത്തിപ്പിൽ അപാകത

പ്രൊജക്ട് നമ്പർ – 86/17

വകയിരുത്തിയ തുക – 660000 (വികസനഫണ്ട് 330000, ഗു.വിഹിതം 330000)

ചെലവുതുക – 330000 (ബിൽ നമ്പർ2/16-17 തി31.3.17

പേരാമ്പ്ര ബ്ലോക്ക്പഞ്ചായത്തിനു കീഴിൽ വരുന്ന ഗ്രാമപഞ്ചായത്ത് ഗ്രാമസഭകളിൽ നിന്നും തെരഞ്ഞെടുത്ത വനിതകളായ 22 ക്ഷീരകർഷകർക്ക് പശുവിനെ വാങ്ങിക്കുന്നതിന് ധനസഹായം നൽകുന്ന മേൽ പ്രൊജക്ട് പ്രകാരംഅത്രയും ഗുണഭോക്താക്കൾക്ക് പശുവിനെ വാങ്ങിക്കുന്നതിന് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.ബന്ധപ്പെട്ട പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 സ.ഉ.എം എസ് 4/16 തസ്വ.ഭ.വ തിരുവനന്തപുരം 11.1.16മുൻഗണനകൾ ,പൊതുവിഷയങ്ങൾ

സംബന്ധിച്ച ഖണ്ഡിക 6-15 ൽ 14 എ(1) പ്രകാരം പദ്ധതി ആസൂത്രണ മാർഗരേഖ പ്രകാരമോ, സബ്സിഡിമാർഗ രേഖ പ്രകാരമോ പ്രത്യേകം അനുവദിച്ചതൊഴികെ, വ്യക്തികൾക്കും കുടുംബങ്ങൾക്കും വസ്തുക്കളോ, ആസ്തികളോ, ധനസഹായമോ നൽകുന്നതിനുള്ളപ്രോജക്ടുകൾ ബ്ലോക്ക് / ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല.മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് പ്രസ്തുത പ്രൊജക്ട് നടപ്പിലാക്കിയിരിക്കുന്നത്.

2 ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിലെ ഗുണഭോക്താക്കൾക്ക് പശുവിനെ നൽകുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയതെങ്കിലും പദ്ധതിപ്രകാരം ആനുകൂല്യം അനുവദിച്ചിരിക്കുന്നത് മുഴുവൻ ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത്പരിധിയിൽപ്പെട്ട ഗുണ ഭോക്താക്കൾക്കാണ്.

3 പ്രോജക്ട് ഫയൽപരിശോധിച്ചതിൽതാഴെ പറയുന്ന ഗുണഭോക്താക്കൾ തങ്ങൾക്ക് ലഭിച്ച പശുവിനെ ഇൻഷൂർചെയ്തതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിശദവിവരം താഴെപ്പറയുന്നു.

| ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ ധനസഹായം |
|---|---|
| സുമ സന്തോഷ് പുതിയെടത്ത് | 15000 |
| ഷൈലജ അനിൽകുമാർ മുത്തോറമ്മൽ | 15000 |

| | |
|---|---|
| ഷിജിചേമ്പ് മലയിൽ | 15000 |
| ജാനു കല്ലുങ്കൽ | 15000 |
| റീന കെച്ചുകുറുകത്തറ | 15000 |
| എലിയാമ്മ നെല്ലിമല | 15000 |
| കമല പൂമ്പറേമ്മൽ | 15000 |
| മീനാക്ഷി മഞ്ഞുണ്ണീമ്മൽ | 15000 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവുതുക 330000 രൂപ തടസ്സത്തിൽ വെക്കുന്നു

## 3-6 പാലിയേറ്റീവ് പരിചരണം -ബ്ലോക്ക് പഞ്ചായത്ത് പരിധിക്ക് പുറത്ത് പാലിയേറ്റീവ് പരിചരണത്തിന് തുക ചെലവഴിച്ചതും മറ്റ് അപാകതകളും

പ്രൊജക്റ്റ് നമ്പർ – 31/17

വകയിരുത്തിയ തുക – 100000

ചെലവുതുക – 97617

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന സെക്കണ്ടറി ലെവൽ പാലിയേറ്റീവ് പരിചരണ പദ്ധതി പ്രകാരം 97617 രൂപ ചെലവഴിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയരക്ടറുടെ 22.9.2010 ലെ പി.എച്ച്/67820/2010/ഡി.എച്ച്.എസ്. സർക്കുലറിൽ പ്രതിപാദിച്ചിട്ടുള്ള പരിചരണ സംവിധാനങ്ങളും അതിനാവശ്യമായ സൗകര്യങ്ങളും കമ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേന ബ്ലോക്ക് പഞ്ചായത്തുകൾ എറ്റെടുക്കേണ്ടതും വിദഗ്ധ ഡോക്ടർമാരുടെയും നേഴ്സ്മാരുടെയും സേവനം മേൽപറഞ്ഞ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം ബന്ധപ്പെട്ട ഗവ. ആശുപത്രിയിൽ നിന്നും ലഭ്യമാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. ബന്ധപ്പെട്ട ഫയൽ രജിസ്റ്ററുകൾ എന്നിവപരിശോധിച്ചതിൽ വിദഗ്ധ പാലിയേറ്റീവ് പരിചരണത്തിന് ആവശ്യമായ ഡോക്ടർമാരുടെ സേവനം ആശുപത്രിയിൽ നിന്നും ലഭ്യമാക്കുന്നതായി കാണുന്നില്ല.

പ്രോജക്റ്റ് ചെലവുകൾ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്ത് പരിധിക്ക് പുറത്തുള്ള P.H.C/C.H.C കളിലേയും പാലിയേറ്റീവ് പരിചരണത്തിനായി വിവിധ തിയ്യതികളിൽ ഓടിയവാഹന വാടക ഇനത്തിൽ തുക വിനിയോഗിച്ചതായിക്കാണുന്നു. ഈ ഇനത്തിൽ ചെലവഴിച്ചതുകയുടെ വിശദ വിവരം താഴെക്കൊടുക്കുന്നു

| വാഹനം ഓടിയ തിയ്യതി | സന്ദർശിച്ച സ്ഥലം | വിനിയോഗിച്ച തുക |
|---|---|---|
| KL.18 5096 | | |
| 16/4/16 | നടുവണ്ണൂർ പി എച്ച് സി | 900 |

| | | |
|---|---|---|
| 25/6/16 | കുരാച്ചുണ്ട് സി എച്ച് സി | 900 |
| 19/7/16 | നടുവണ്ണൂർ പി എച്ച് സി | 900 |
| 3/12/16 | നടുവണ്ണൂർ പി എച്ച് സി | 900 |
| 14/12/16 | ഉള്ളിയേരി സി എച്ച് സി | 900 |
| 4/1/17 | അത്തോളി പി എച്ച് സി | 900 |
| 3/2/17 | ഉള്ളിയേരി സി എച്ച് സി | 900 |
| 18/2/17 | മേപ്പയ്യൂർ പി എച്ച് സി | 900 |
| 27/2/17 | ഉള്ളിയേരി സി എച്ച് സി | 900 |
| 4/3/17 | ഉള്ളിയേരി സി എച്ച് സി | 900 |
| 22/3/17 | ഉള്ളിയേരി സി എച്ച് സി | 900 |
| ആകെ | | 9900 |

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## **3-7** ബ്ലോക്ക് പഞ്ചായത്ത് വാഹനം ഉപയോഗിക്കുന്നതിലും പരിപാലിക്കുന്നതിലും അപാകത

ബ്ലോക്ക് പഞ്ചായത്ത് അധീനതയിലുള്ള K.L.56 E 9, K.L.56 E 9009 എന്നീവാഹനങ്ങളുടെ ലോഗ്ബുക്ക് അനുബന്ധ രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ വാഹനങ്ങളുടെ ഉപയോഗം പരിപാലനം എന്നിവയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 ജി.ഒ.എം .എസ് 170/07ത.സ്വ.ഭ.വ.30-6-2007 പ്രകാരം ഓരോവാഹനത്തിന്റെയും ഇന്ധനക്ഷമത മോട്ടോർ വാഹനവകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെക്കൊണ്ട് നടത്തിക്കേണ്ടതും ഇന്ധന ഉപയേഗത്തെ സംബന്ധിച്ച സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ് എന്നാൽ പ്രസിഡണ്ടിന്റെ വാഹനമായ

K.L 56.E 9009 വാഹനത്തിന്റെ ഇന്ധനക്ഷമത നാളിതുവരെ പരിശോധിച്ചതിന്റെ രേഖകൾ ലോഗ്ബുക്കിൽ പതിച്ചിട്ടില്ല .K.L.56.E 9 വാഹനത്തിന് വർഷങ്ങൾക്ക് ശേഷം 9-8-2017 ൽമാത്രമാണ് ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിരിക്കുന്നത്.

2 FUEL രജിസ്റ്റർ രണ്ട് വാഹനങ്ങൾക്കും സൂക്ഷിച്ചിട്ടില്ല.

3 തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള ഒരു സംക്ഷിപ്തം ലോഗ്ബുക്കിൽ മാസാവസാനം രേഖപ്പെടുത്തേണ്ടതുമാണെങ്കിലും KL.56 E 9009 നമ്പർ വാഹനത്തിന് ഇന്ധന ഉപയോഗം സംബന്ധിച്ച സംക്ഷിപ്തം ഒരു മാസത്തിലും തയ്യാറാക്കിയിട്ടില്ല.

4 KL.56 E 9009 നമ്പർവാഹനത്തിൽ യാത്രചെയ്ത ഉദ്യോഗസ്ഥൻ/പ്രസിഡണ്ട് 7-8-2017 ന്ശേഷം ലോഗ്ബുക്കിൽ ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.

5 റിപ്പയർപ്രവർത്തികൾ അംഗീകൃത വർക്ക്ഷോപ്പ് മുഖേനനടത്തുന്നില്ല (2000 രൂപയ്ക്ക് മുകളിലും 10000 രൂപയ്ക്ക് താഴെയുമുള്ള പ്രവർത്തികൾ ക്വട്ടേഷൻ കൂടാതെ)

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## **3-8** <u>ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അടവാക്കിയ മുഴുവൻ തുകക്കും രജിസ്റ്ററുകളും ഫോറങ്ങളും ലഭ്യമായില്ല</u>

ബ്ലോക്ക്പഞ്ചായത്ത് ഓഫീസിലേക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും അനുവദിക്കുന്നതിന് വേണ്ടി 24875 രൂപ വൗച്ചർ നമ്പർ 153/16-17തി.25.11.16 ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ അടവാക്കിയിട്ടുണ്ട്. (D.D. നമ്പർ005668 തി 1.12.16) 6.1.17ൽ ഇൻവോയ്സ് നമ്പർ 2011 പ്രകാരം20100 രൂപയുടെ രജിസ്റ്ററുകളും ഫോറങ്ങളും മാത്രമെ സ്ഥാപനത്തിൽ ലഭ്യമായിട്ടുള്ളു. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ മുൻവർഷങ്ങളിൽ രജിസ്റ്ററുകളും ഫോറങ്ങൾക്കും അടവാക്കിയ തുകയിൽ 12573 രൂപ ലഭിക്കാനുണ്ടെന്നും സാമ്പത്തികവർഷം അടവാക്കിയ തുകകയിൽ ലഭിക്കാനുള്ള 4775 രൂപ ഉൾപ്പെടെ മൊത്തം 17348 രൂപ ലഭിക്കാനവശേഷിക്കുന്നതായും കാണുന്നു. ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും 17348 രൂപ ലഭിക്കാനവശേഷിക്കുമ്പോഴും ആയത് പരിഗണിക്കാതെ ഫോറങ്ങളും രജിസ്റ്ററുകൾക്കും ആവശ്യമായ മുഴുവൻ തുകയും അടവാക്കാനുണ്ടായ കാരണം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ നടപ്പു സാമ്പത്തികവർഷം അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## **3-9** <u>സർക്കാരിലേക്ക് തിരികെപ്പോയ സ്വരാജ് ട്രോഫി അവാർഡ് തുക തിരികെ ഈടാക്കാൻ നടപടികൾ കൈക്കൊള്ളുന്നതിൽ വീഴ്ച.</u>

2013-14 വർഷത്തെ മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ലഭിക്കുന്ന അവാർഡിന് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് തെരെഞ്ഞെടുക്കപ്പെടുകയും (3ാം സ്ഥാനം) ആ ഇനത്തിൽ ലഭിച്ച 1500000രൂപ ജി ഒ ആർ ടി നമ്പർ1649/16 ഫിൻ തി 19-2-2016 പ്രകാരം ഫെബ്രുവരി മാസത്തിൽ ബ്ലോക്ക് പഞ്ചായത്ത് ട്രഷറി അക്കൗണ്ടിൽ (3604 -00-200-91-(04)-35NP) വരവുവരികയും ചെയ്തു . പ്രസ്തുതസാമ്പത്തിക വർഷം തുക ചെലവഴിക്കപ്പെടാത്തതിനാൽ 31-3-16 ന് പ്രസ്തുത എക്കൗണ്ടിലുണ്ടായിരുന്ന വികസന ഫണ്ട് ഉൾപ്പടെയുള്ളതുകകൾ സർക്കാർ തിരിച്ചെടുത്തപ്പോൾ സ്വരാജ് ട്രോഫി ഇനത്തിൽ ലഭിച്ച തുകകൂടി തിരിച്ചെടുക്കപ്പെട്ടു. മേൽ ഫണ്ട് വിനിയോഗിച്ച് ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്തിലെ ആവള ക്ഷീരോത്പാദക സഹകരണ സംഘത്തിന് കെട്ടിടം പണിയുന്നതിനായി പദ്ധതിതയ്യാറാക്കുകയും ടെണ്ടർ ചെയ്ത് പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഫണ്ട് സർക്കാരിലേക്ക് തിരികെപ്പോയതിനാൽ പ്രവർത്തിയുടെ ബിൽനൽകാൻ കഴിഞ്ഞിട്ടില്ല. സ്വരാജ് ട്രോഫി ഇനത്തിൽ ലഭിച്ചതുക സർക്കാരിലേക്ക് തിരികെപ്പോയത് തിരിച്ചു കിട്ടാൻ ബ്ലോക്ക്പഞ്ചായത്ത് പ്രസിഡണ്ട് 16.3.17 ൽ ബഹു.ധനകാര്യ വകുപ്പ് മന്ത്രിക്ക് കത്തയച്ചതല്ലാതെ പിന്നീട് നടപടികൾ ഒന്നും തന്നെ ബ്ലോക്ക്പഞ്ചായത്ത് കൈക്കൊണ്ടതായി കാണുന്നില്ല.തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-10 ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസന്റീവ് -ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല.

പ്രൊജക്റ്റ് നമ്പർ – 38/17

വകയിരുത്തിയ തുക – 2700000

ചെലവുതുക – 2700000(ബിൽ നമ്പർ 1/16-17തി18.3.17)

നിർവഹണം – ഡയറി എക്സ്റ്റൻ ഓഫീസർ

ക്ഷീരകർഷകർ ക്ഷീരസംഘങ്ങൾ മുഖേന അളക്കുന്ന പാലിന് ഇൻസന്റീവ് നൽകുന്നതിനായി നടപ്പാക്കുന്ന മേൽ പ്രൊജക്റ്റ് പ്രകാരം 27 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ളവിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. പഞ്ചായത്തുകൾക്ക് തുകകൈമാറിയതിന്റ വിശദ വിവരം താഴെക്കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റ പേര് | കൈപറ്റിയ തുക |
|---|---|
| പേരാമ്പ്ര | 800000 |
| നൊച്ചാട് | 300000 |
| കായണ്ണ | 500000 |
| ചങ്ങരോത്ത് | 100000 |
| ചെറുവണ്ണൂർ | 400000 |
| ചക്കിട്ടപാറ | 600000 |
| | 27000000 |

ഗ്രാമപഞ്ചായത്തുകൾ മുഖേന കൈമാറിയ മേൽതുക സംഘങ്ങൾ മുഖേന ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ചെലവുതുക തടസ്സത്തിൽ വെക്കുന്നു.

## 3-11 കമ്പ്യൂട്ടർ - സ്റ്റോർ പർച്ചേയസ് വ്യവസ്ഥകൾ പാലിക്കാത്തതിനാൽ ഉയർന്ന നിരക്ക് നൽകി.

പദ്ധതി പേര്, നം - നിർവ്വഹണ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കൽ, 64/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക – 3,70,693/- (സംരക്ഷണ ഗ്രാന്റ റോഡിതര ഫണ്ട്)

ചെലവ് തുക – 3,64,520/- [ബിൽ നം. 11/16-17, 25.03.2017 ]

ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മേൽ വിവരിച്ച പദ്ധതി മുഖേന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖാന്തിരമാണ് വാങ്ങി നൽകിയത്. വിശദാംശങ്ങൾ താഴെ

നൽകുന്നു.

| Item | Nos | Unit Price | Total |
|---|---|---|---|
| Keltron Desktop P.C – with intel core1.3 processor intel chipset mother board 4GB DDR 3 Ram 500 GB, Sata Hdd, D.V. D. Writer Integrated Graphics, sound & lain keyboard, optical scroll mouse AIX cabinet 1ith smps, 18.5 L.C.D Monitor (AOC) | 6 | 32,857.14 | 1,97,142.84 |
| Microsoft windows 10 professinal | 6 | 10,000.00 | 60,000.00 |
| Accer Laptop - with intel core1.3 processor chipset mother board 4GB DDR 3 Ram 500 GB, Sata HDD, Dvd, writer 14"/15" Display battery with adaptor, Bluetooth Wifi, windows – 8 pro, Backpack warranty 1 year | 1 | 44,285.71 | 44,285.71 |
| Canon LBP 6230DN 25ppm A4 size, 600 x 600 dpi Autoduplexing, Network 64MB MemORY Waranty 1 year. | 3 | 12,285.71 | 36,857.13 |
| Entrylevel scanner, canon lide 120 scanner, A4size, flatbed scanner, colour resolution 300 Dpi usb inteface warranty 1 year | 2 | 4,438.10 | 8,876.20 |
| | | | 3,47,161.88 |
| | | Vat 5% | 17358.09 |
| Rounded to – 3,64,520/- | | | 3,64,519.97 |

- രാജ്യത്ത് നിലവിൽ intel core 1.3, 1.5, 1.7 കോൺഫിഗറേഷൻ തരത്തിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കുന്ന നിരവധി കമ്പനികളുണ്ടെങ്കിലും മേൽ സ്ഥാപനങ്ങളുടെ വില നിലവാരം, കമ്പ്യൂട്ടർ സ്പെസിഫിക്കേഷൻ എന്നിവ ശേഖരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനോ, പർച്ചേയ്സിംഗ് കമ്മിറ്റിയോ ശ്രമിച്ചില്ല. 2013ലെ കേരള സ്റ്റോർ പർച്ചേഴ്സ് മാന്വൽ ഖണ്ഡിക.9.46 പ്രകാരം സാധനങ്ങൾ വാങ്ങുന്നതിനായി കരാറിൽ ഏർപ്പെടുന്നതിന് മുമ്പ്, കമ്പോളത്തിലെ തത്തുല്യമായ ഉൽപ്പന്നം അവസാനം വാങ്ങിയ വില, വാങ്ങേണ്ട ഉൽപ്പന്നത്തിന്റെ/തത്തുല്യ ഉൽപ്പന്നത്തിന്റെ കമ്പോള വില എന്നിവ പരിഗണിച്ച് വേണം വാങ്ങേണ്ടത്. ഖണ്ഡിക 13.7, 13.8 എന്നിവ പ്രകാരം ഡയറക്റ്ററേറ്റ് ജനറൽ ഓഫ് സപ്ലൈസ് ആന്റ് ഡിസ്പോസൽസ്, ന്യൂഡൽഹി എല്ലാ വർഷവും വിവിധ സാധനങ്ങൾക്ക് റേറ്റ് കോൺട്രാക്റ്റ് നൽകുന്നുണ്ട്. പർച്ചേസിംഗ് ഓഫീസർമാർക്ക് മേൽ നിരക്ക് കമ്പോള നിലവാരത്തിനേക്കാൾ ലാഭകരമാണെങ്കിൽ മാത്രമേ ഉൽപ്പനങ്ങൾ വാങ്ങേണ്ടതുള്ളൂ. ഇതിന് സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ മേൽ നിയമ വ്യവസ്ഥകൾ പാലിക്കാതെയും കംമ്പ്യൂട്ടറുകളുടെ കമ്പോള വില നിലവാരം പരിശോധിക്കാതെയുമാണ് നിർവ്വഹണ ഉദ്യോഗസ്ഥന് വാങ്ങൽ നടത്തിയത്.

കെൽട്രോൺ വിഭാഗം സി.ഡി.പി.ഓ.യുടെ ഓഫീസിൽ വിതരണം നടത്തിയ കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടേയും വിശദാംശങ്ങൾ താഴെ നൽകുന്നു. [Project no. 62/17]

| Item | Nos | Unit Price | Total |
|---|---|---|---|
| Keltron Desktop P.C – with intel core1.3 processor chipset mother board 4GB DDR 3 Ram 500 GB, Sata Hard disk, D.V. D. Writer Integrated Graphics, keyboard, optical scroll mouse AIX cabinet 1ith smps, 18.5 L.C.D Monitor (AOC) | 2 | 28,666.67 | 57,333.34 |
| Microsoft windows 10 professinal | 2 | 8,095.24 | 16,190.48 |
| Vat 5% | | | 3676.19 |
| 600VA Offline ops with 7aff Smi battery back up 15mts warranty 1 year | | 2358.08 | 4716.16 |
| | | Vat 14.5% | 683.84 |
| Rounded to – 82,600/- | | | 82,600.01 |

- സ്റ്റോർ പർച്ചേയ്സ് വകുപ്പിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾക്ക് സംസ്ഥാന സർക്കാർ നൽകുന്ന ടെണ്ടർ ഇളവിന്റെ മറവിൽ മറ്റ് സ്ഥാപനങ്ങൾ നിർമ്മിച്ച ഉൽപ്പന്നങ്ങളാണ് കെൽട്രോൺ ഉയർന്ന നിരക്കിൽ വിതരണം ചെയ്തിട്ടുള്ളത്. ചെലവഴിച്ച തുകയക്കാൾ വളരെ കുറഞ്ഞ നിരക്കിൽ പൊതു കമ്പോളത്തിൽ നിന്ന് ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്ന സാഹചര്യം ഒഴിവാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ വാങ്ങിയ മേൽ നടപടി കേരള ഫിനാൻഷ്യൽ കോഡ് .40 (b)യുടെ ലംഘനമാണ്.
- കമ്പ്യൂട്ടറുകളിൽ വിന്യസിച്ച വിൻഡോസ് സോഫ്റ്റ് വെയറിന് 63,000/- [60000 + 3000 (5% vat)] രൂപയാണ് ചെലവഴിച്ചത്. സർക്കാർ കാര്യാലയങ്ങളിൽ ഉപയോഗിക്കുന്ന കമ്പ്യൂട്ടറുകളിൽ സ്വതന്ത്ര സോഫ്റ്റ് വെയർ ലിനക്സ് ഡൌൺ ലോഡ് ചെയ്ത് വേണം വിനിയോഗിക്കേണ്ടത്. ലിനക്സ് ആന്റിവൈറസ് സോഫ്റ്റ്‌വെയർ കൂടിയാണ്. പൊതു കമ്പോളത്തിൽ സൗജന്യമായി ലഭ്യമാകുന്ന സ്വതന്ത്ര സോഫ്റ്റ്‌വെയർ ലിനക്സ് ഡൌൺ ലോഡ് ചെയ്ത് വിനിയോഗിക്കുന്നതിന് പകരം ഉയർന്ന നിരക്കിൽ തുക ചെലഴിച്ച് വിൻഡോസ് സോഫ്റ്റ് വെയർ സ്ഥാപിച്ചു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 364250 രൂപ തടസ്സത്തിൽ വെയ്ക്കുന്നു .

## 3-12 സർക്കാർ അനുമതി ലഭ്യമാക്കാതെ ഉയർന്ന പലിശ നിരക്കിൽ ഭവന പദ്ധതിക്ക് വായ്പയെടുത്തു.

പ്രോജക്ട് പേര്, നം - ഐ.എ.വൈ.ഭവന നിർമ്മാണ വായ്പ പലിശ തിരിച്ചടവ്, 37/16-17

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ തുക - 22,510/- (വികസന ഫണ്ട്)

ചെലവ് തുക - 22,510/- (ബിൽ നം.04/16-17, 27.10.2016)

ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന ഐ.എ.വൈ.ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് അധിക വിഹിതമായി നൽകുന്നതിനു വേണ്ടി പേരാമ്പ്ര റീജിയണൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വായ്പ എടുക്കുന്നതിന് ഭരണസമിതി തീരുമാനിച്ചു (നം.09(1)/13-14, 17.04.2013). 18.04.2013 ന് ബാങ്ക് മാനേജരോട് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 29.04.2013ന് സർക്കാർ നിശ്ചയിച്ച നിരക്കിൽ ലോൺ തരാൻ കഴിയില്ലെന്നും 12% പലിശ നിരക്കിൽ (10 വർഷത്തെ കാലാവധിയിൽ) അനുവദിക്കാമെന്നും അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറിയും, ബാങ്ക് മാനേജരും 31.05.2013 ന് കരാർ ചമച്ചു. കരാർ പ്രകാരം വായ്പ തുകയും 11.25% പലിശയും സർക്കാർ നൽകുന്നതും, 0.75% പലിശ ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും തിരിച്ചടയ്ക്കാമെന്നും വ്യവസ്ഥ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന തരത്തിൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിൽ തുക അടവാക്കിയിട്ടുണ്ട്.

| വർഷം | തുക |
|---|---|
| 2014-15 | 19,246 |
| 2015-16 | 22,510 |
| 2016-17 | 22,510 |

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു.

1. 24.05.2013 ലെ (കൈ)193/13/ത.സ്വ.ഭ.വ, 13.06.2013 ലെ(കൈ)220/13/ത.സ്വ.ഭ.വ നമ്പർ ഉത്തരവുകളിലൂടെ സംസ്ഥാനത്തെ എല്ലാ ബ്ലോക്ക് പഞ്ചായത്തുകളും 2011-12 വർഷത്തിൽ കരാർ വച്ച എല്ലാ ഐ.എ.വൈ. ഗുണഭോക്താക്കൾക്കും അധിക വിഹിതം നൽകുന്നതിനായി ത്രിതല സഹകരണ ബാങ്കുകളിൽ നിന്നും 11.25% പലിശ നിരക്കിൽ വായ്പയെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. 09.10.2013 ലെ(കൈ) 332/13/ ത.സ്വ.ഭ.വ. നമ്പർ ഉത്തരവിലൂടെ ത്രിതല സഹകരണ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുക്കുന്നതിനും, തിരിച്ചടവാക്കുന്നതുമായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിരുന്നു. എന്നാൽ മേൽ ഉത്തരവുകളിലൊന്നും സർക്കാർ നിശ്ചയിച്ച പലിശ നിരക്കിൽ അധികമായി വായ്പയെടുക്കുന്നതിന് അനുമതി നൽകിയിട്ടില്ല. സർക്കാർ നിശ്ചയിച്ച പരിധി ലംഘിച്ചാണ് ഉയർന്ന പലിശ നിരക്കിൽ ഭവനപദ്ധതിക്കായി വായ്പ എടുത്തത്
2. 1963 ലെ കേരള തദ്ദേശാധികാര സ്ഥാപന വായ്പ നിയമം, വകുപ്പ്.3(1) പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വായ്പ എടുക്കുന്നത് സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ആയിരിക്കണം. ഭവന പദ്ധതിയിലേക്ക് വായ്പ എടുക്കുന്നതിനായി പേരാമ്പ്ര റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക് നിശ്ചയിച്ച പലിശ നിരക്കിൽ വായ്പയെടുക്കുവാൻ ഉണ്ടായ സാഹചര്യം ഫയലിൽ വ്യക്തമാക്കിയിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മറ്റ് സർവ്വീസ് സഹകരണ ബാങ്കുകളിൽ നിന്നും കുറഞ്ഞ നിരക്കിൽ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചതായും ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ അധിക പലിശ നിരക്കിൽ വായ്പയെടുത്തത് ഓഡിറ്റിൽ അംഗീകരിക്കാവുന്നതല്ല. ഓഡിറ്റ് വർഷത്തിൽ അധിക പലിശ ഇനത്തിൽ ചെലവഴിച്ച തുക നിരാകരിക്കുന്നു (22,510/- രൂപ). മുൻവർഷങ്ങളിൽ അടവാക്കിയ തുക കാരാർ ചമച്ച (ഉത്തരവാദിയായ) സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-13 വയറിംഗ് വിപുലീകരണ പ്രവൃത്തികൾ നടപ്പാക്കിയില്ല

നിർവ്വഹണം : സെക്രട്ടറി

ബ്ലോക്ക് പഞ്ചായത്തിന് കൈമാറികിട്ടിയ സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ കോൺഫറൻസ് ഹാൾ, ഊട്ടുപ്പുര എന്നിവയുടെ വൈദ്യുതീകരണത്തിനായി കേരള പൊതുമരാമത്ത് (ഇലക്ട്രിക്കൽ) വിഭാഗത്തിനെ ഏൽപ്പിച്ചു. പദ്ധതികൾക്കായി തുക ഡിപ്പോസിറ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| |
|---|
| പ്രോജക്ട് പേര്, നം : താലൂക്ക് ആശുപത്രിയിലെ കോൺഫറൻസ് ഹാൾ വൈദ്യുതീകരണം, 79/16-17<br>അടങ്കൽ തുക : 2,25,000/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)<br>ചെലവ് തുക : 2,25,000/-(ബിൽ നം - 18/16-17, 31.03.2017) |
| പ്രോജക്ട് പേര്, നം : താലൂക്ക് ആശുപത്രിയിലെ ഊട്ടുപ്പുര വൈദ്യുതീകരണം, 82/16-17<br>അടങ്കൽ തുക : 1,06,875/- (സംരക്ഷണ ഗ്രാന്റ് റോഡിതരം)<br>ചെലവ് തുക : 1,06,875/-(ബിൽ നം - 17/16-17, 31.03.2017) |

12.01.2017 ലെ ഡി-655/16 നമ്പർ കത്തിലൂടെ പദ്ധതിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി തരണമെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ പൊതു മരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗം അസി. എക്സിക്യൂട്ടീവ് എൻജിനീയറോട് അപേക്ഷിച്ചു. ആയതിന്റെയടിസ്ഥാനത്തിൽ അസി.എക്സിക്യൂട്ടീവ് എൻജിനീയർ 19/01/2017 ന് (നം ഇ.എൽ.2-131/17 കത്തിനോടൊപ്പം) എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും തുക ഡെപ്പോസിറ്റായി നിക്ഷേപിക്കുവാനും അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പൊതുമരാമത്ത് വകുപ്പ് അസി.എക്സി.എൻജിനീയറുടെ പേരിൽ തുക നിക്ഷേപിച്ചു.

ഓഡിറ്റ് കാലയളവു വരേയും പ്രവർത്തിയുടെ പുരോഗതി സംബന്ധിച്ച രേഖകൾ നിർവ്വഹണ ഏജൻസിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നിർവ്വഹണ ഏജൻസിക്ക് അനുവദിച്ച തുകയിൽ വർദ്ധനവ് വരുത്താതെയും, നിലവിൽ അംഗീകരിച്ച് എസ്റ്റിമേറ്റിൽ മാറ്റം വരുത്താതെയും നിർമ്മാണം കാലതാമസം കൂടാതെ തീർക്കേണ്ടതാണ്. പ്രവൃത്തിയുടെ നിർമ്മാണം പൂർത്തീകരിച്ച് ഓഡിറ്റിൽ അറിയിക്കുന്നത് വരെ ചെലവ് തുക (3,31,875/- രൂപ) തടസ്സത്തിൽ വയ്ക്കുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2016-17 | 12912400 | ഐ.എ.വൈ ഭവന നിർമാണം | 10245575 | |

| | | | | | |
|---|---|---|---|---|---|
| | | | 2016-17 | | |
| ഗ്രാമപഞ്ചായത്ത് | 2016-17 | 8355456 | ഐ.എ.വൈ ഭവന നിർമാണം-2016-17 | 9009040 | |

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിങ്ങ്, കോഴിക്കോട് | താലൂക്ക് ആശുപത്രി കോൺഫറൻസ് ഹാൾ വൈദ്യുതീകരണം | ബിൽ നം - 18/16-17, 31.03.2017 | 225000 | 0 | 225000 |
| | താലൂക്ക് ആശുപത്രി ഊട്ടുപുര വൈദ്യുതീകരണം | ബിൽ നം - 17/16-17, 31.03.2017 | 106875 | 0 | 106875 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനപദ്ധതി വായ്പ | സ.ഉ.(എം.എസ്)നം 90/13/തസ്വഭവ തീയ്യതി 19.03.2013 | 2773830 | 2773830 | 0 | 22510 | 2773830 |
| ഇ.എം.എസ് ഭവന | സ.ഉ.(എം.എസ്)നം 90/13/തസ്വഭവ തീയ്യതി 19.03.2013 | | 4805816 | 896000 | | 3909816 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി-<br>വായ്പ | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ലഭ്യമല്ല | 3 -3 | 2006 - 07 | 3.82(1) | കുറ്റ്യാടി പുഴയുടെ തീര സംരക്ഷണം - ലക്ഷ്യം കൈവരിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുൻബാക്കി ഉൾപ്പെടെ ) | : | 87930384 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 102632266 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 22510 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5200135 |

(ബി). ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3 - 12 | | 22510 | സെക്രട്ടറി<br>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് |
| | | | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3(3) | 651648 | ശ്രീ.ഗിരീഷ് .ആർ.ഡി ,<br>അസി.എക്സി.എഞ്ചിനീയർ<br>എൽ.എസ്.ജി.ഡി ഡിവിഷൻ , പേരാമ്പ്ര. |
| 3-4 | 400000 | ശ്രീമതി.പുഷ്പ.എ,കൃഷി അസി.ഡയറക്ടർ |
| 3-5 | 330000 | ശ്രീ.ശിവദാസ്.കെ., ക്ഷീരവികസന ഓഫീസർ |
| 3-10 | 2700000 | ശ്രീ.ശിവദാസ്.കെ., ക്ഷീരവികസന ഓഫീസർ |
| 3-11 | 364250 | ശ്രീ.സി.ജി.കമലാകാന്ത പൈ, സെക്രട്ടറി |
| 3-13 | 3,31,875 | ശ്രീ.സി.ജി.കമലാകാന്ത പൈ,സെക്രട്ടറി |
| ആകെ | 5200135 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സി.ജി.കമലാകാന്ത പൈ, സെക്രട്ടറി | | ചിറക്കുളം ഹൗസ് നോർത്ത് പറവൂർ എറണാകുളം 683513 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96, 96-97, 97-98 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(1) തീ. 12.11.12 | 2 |
| 1998-99 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(2) തീ. 12.11.12 | 1 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(3) തീ. 12.11.12 | 9 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 12 |
| 2001-02 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09 തീ. 05.04.2011 | 4 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(5) തീ. 12.11.12 | 6 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി7-1658/09(7) തീ. 12.11.12 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി7-1383/10 തീ. 10.11.10 | 12 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി7-465/11 തീ. 04.02.12 | 13 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി7-2020/11 തീ. 13.2.12 | 22 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി7-1271/12 തീ. 05.09.12 | 7 |

| | | |
|---|---|---|
| 2009-10, 10-11 | എൽ.എഫ്.കെ.കെ.ഡി. പി7-60/13 തീ. 22.07.2013 | 13 |
| 2011-12, 12-13 | എൽ.എഫ്.കെ.കെ.ഡി. പി7-278/15 തീ. 12.03.15 | 7 |
| 2013-14 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി.1718/16 തീ. 31.10.16 | 13 |
| 2015-16 | കെ.എസ്.എ. കെ.കെ.ഡി പി7/442/ 2017,തീയ്യതി :19.03.2017 | 16 |

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി7 /2175 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

കോഴിക്കോട് ജില്ല

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി.20.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215 -ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ

അവലംബിച്ചും കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

KSA.KKD-P7/2175/2017

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date:20.11.2017

## AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Perambra Block Panchayat in Kozhikode District for the year ended on 31.03.2017 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Perambra Block Panchayat for the year 2016-17 except the observations in My audit report properly presents the picture of income and expenditure .

JOINT DIRECTOR

Kerala State Audit Department,

District Audit Office, Kozhikode.